## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3975. 15.12.2014 ൽ മറുപടിയ്ക്ക്.**

**സ്പീഡ് ഗവർണർ ഘടിപ്പിക്കാൻ നടപടി**

| ചോദ്യം<br>ശ്രീ. കെ.എൻ.എ.ഖാദർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏതെല്ലാം വാഹനങ്ങൾക്കാണ് സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ളത് ; | (എ) | കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലൂടെ ടിപ്പർ വാഹനങ്ങൾ, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകൾ, സ്റ്റേജ് കാര്യേജുകൾ, ഹെവി വാഹനങ്ങൾ എന്നിവയ്ക്ക് സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. 31-12-2012 തീയതിയിലെ ജി.എസ്.ആർ. 943(ഇ) പ്രകാരം 3,500 കിലോ ഗ്രാമിൽ കൂടുതൽ ഗ്രോസ്സ് വെഹിക്കിൾ വെയ്റ്റ് ഉള്ള മൊബൈൽ ക്ലിനിക്ക്, എക്സ്-റേ വാൻ, ലൈബ്രറി വാൻ, മൊബൈൽ വർക്ക് ഷോപ്പ്, മൊബൈൽ കാന്റീൻ എന്നിവയ്ക്ക് സ്പീഡ് ഗവർണ്ണർ നിർബന്ധമാണ്. |
| (ബി) | സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുള്ള എല്ലാ വാഹനങ്ങളിലും ആയത് ഘടിപ്പിച്ചിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | ഇല്ലെങ്കിൽ ഇത് പാലിച്ചിട്ടില്ലാത്ത വാഹനങ്ങൾ കണ്ടെത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ.